# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.342. 08.06.2015 ൽ മറുപടിയ്ക്ക്.

## വർദ്ധിപ്പിച്ച യാത്രാക്കൂലി കുറയ്ക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പെട്രോൾ, ഡീസൽ വില 2012-13 കാലഘട്ടത്തെ അപേക്ഷിച്ച് കുറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ഓട്ടോ, ടാക്സി, മറ്റ് വാഹനങ്ങൾ, കെ. എസ്. ആർ. ടി. സി., സ്വകാര്യ ബസുകൾ എന്നിവയുടെ ചാർജ് വർദ്ധിപ്പിച്ചിരിക്കുന്നത് അധികമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പെട്രോൾ, ഡീസൽ വിലയിലെ കുറവ് സാധാരണ ജനങ്ങൾക്ക് കൂടി ലഭ്യമാക്കുന്നതിന് വർദ്ധിപ്പിച്ച ഓട്ടോ ടാക്സി, ബസ് യാത്രാക്കൂലിയും, ചരക്ക് കൂലിയും കുറയ്ക്കുന്നതിന് അടിയന്തിര നടപടി സ്വീകരിയ്ക്കുമോ ; | (എ) | ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് പഠനം നടത്തിയ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി അന്താരാഷ്ട്ര വിപണിയിൽ പെട്രോളിന്റെയും ഡീസലിന്റെയും വില സ്ഥായിയായി നിലനിൽക്കാത്തതിനാലും വാഹനങ്ങൾ സർവ്വീസ് നടത്തുന്നതിനുള്ള മറ്റ് അനുബന്ധ ചെലവുകൾ വർദ്ധിച്ചിരിക്കുന്നതിനാലും ഓട്ടോ, ടാക്സി ബസ് യാത്രാകൂലി ഇപ്പോൾ കുറയ്ക്കേണ്ട സാഹചര്യമല്ല നില നിൽക്കുന്നതെന്ന് ശുപാർശ ചെയ്തിരിക്കുന്നു. മാത്രവുമല്ല ഇപ്പോൾ ഡീസലിന്റെ വില വീണ്ടും ഉയർന്ന് 57.99 രൂപയോളമായിരിക്കുകയാണ്. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് ഓട്ടോ , ടാക്സി, ബസ് യാത്രാകൂലി നിരക്ക് കുറയ്ക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (ബി) | പെട്രോൾ, ഡീസൽ വിലയുടെ അടിസ്ഥാനത്തിൽ ഒരോ ആറുമാസവും ചാർജ്ജുകൾ പരിശോധിക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ ചാർജ് വർദ്ധിപ്പിക്കുന്നതിനോ, കുറയ്ക്കുന്നതിനോ ഒരു സർക്കാർ ഏജൻസിയെ ഏൽപ്പിക്കുന്നതിനോ റെഗുലേറ്ററി കമ്മീഷനെ നിയമിക്കുന്നതിനോ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.